പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2608 12.03.2018 ൽ മറുപടിയ്ക്ക്

**സ്കൂൾ കുട്ടികളിൽ നിന്നും അനധികൃത പണപ്പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ, എയ്ഡഡ്, അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ മത്സര പരീക്ഷകളും സ്കോളർഷിപ്പുകളും നടത്തുന്നതിനായി അനധികൃത പണപ്പിരിവ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കുട്ടികൾക്ക് തുച്ഛമായ സമ്മാനത്തുക നൽകിയ ശേഷം അവരിൽ നിന്നും ഭീമമായ തുക നടത്തിപ്പുകാർ തട്ടിയെടുക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | രക്ഷാകർത്താക്കളിൽ നിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ്/ മറ്റ് അംഗീകൃത സ്കൂളുകൾ എന്നിവിടങ്ങളിൽ അനധികൃതമായ പണപ്പിരിവുകളും, മത്സരപ്പരീക്ഷകളും നടത്തുവാൻ പാടില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശനമായ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസ സംരക്ഷണ നിയമപ്രകാരം എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികളിൽ നിന്നും യാതൊരു വിധ പണപ്പിരിവും നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശത്തിന് വിരുദ്ധമായ ഇത്തരം പണപ്പിരിവ് നടത്തുന്ന ഏജൻസികൾക്കും സ്കൂൾ അധികൃതർക്കുമെതിരെ നടപടി സ്വീകരിക്കുമോ? | (സി) | മതിയായ തെളിവുകൾ സഹിതം വ്യക്തമായ പരാതികൾ ലഭിച്ചാൽ നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ